പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ**

**ചോദ്യം നം. 717** **04.03.2020-ൽ മറുപടിയ്ക്ക്**

## നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നവോത്ഥാന നായകരുടെ പേരിൽ ആരംഭിയ്ക്കുന്ന സാംസ്കാരിക കേന്ദ്രങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ; | എ) നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നത് പ്രകാരം, പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സർക്കാരിന്റെ കിഫ്ബി പദ്ധതി പ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. തുടർന്ന് പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങൾ ഓരോ ജില്ലയിലും നിർമ്മിക്കുന്നതിന് 50 കോടി രൂപ വീതം ചെലവഴിച്ച് മൊത്തം 700 കോടി രൂപയിൽ നിജപ്പെടുത്തി 27.04.2017-ലെ സ. ഉ. (സാ. ധാ) നമ്പർ. 318/2017/സാം.കാ.വ പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുയുമുണ്ടായി. പ്രസ്തുത സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി ഓരോ ജില്ലയിലും 3.5 മുതൽ 5 ഏക്കർ വരെ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. ആയതിൽ പാലക്കാട്, കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി കണ്ടെത്തി, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കരാർ നൽകിയിട്ടുണ്ട്. |
| ബി) ഓരോ ജില്ലകളിലും ഏത് നവോത്ഥാന നായകരുടെ പേരിലാണ് സാംസ്കാരിക കേന്ദ്രം ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ബി) |

| | | |
|---|---|---|
| 1. | തിരുവനന്തപുരം | അയ്യങ്കാളി |
| 2. | കൊല്ലം | ശ്രീനാരായണ ഗുരു |
| 3. | ആലപ്പുഴ | പി. കൃഷ്ണപിള്ള |
| 4. | പത്തനംതിട്ട | ചട്ടമ്പി സ്വാമി |

| | | |
|---|---|---|
| 5. | ഇടുക്കി | അക്കാമ്മ ചെറിയാൻ |
| 6. | കോട്ടയം | ലളിതാംബിക അന്തർജ്ജനം |
| 7. | എറണാകുളം | സഹോദരൻ അയ്യപ്പൻ |
| 8. | തൃശ്ശൂർ | വള്ളത്തോൾ<br>നാരായണമേനോൻ |
| 9. | പാലക്കാട് | വി.ടി. ഭട്ടതിരിപ്പാട് |
| 10. | മലപ്പുറം | അബ്ദുറഹിമാൻ സാഹിബ് |
| 11. | കോഴിക്കോട് | വൈക്കം മുഹമ്മദ് ബഷീർ |
| 12. | കണ്ണൂർ | വാഗ്ഭടാനന്ദൻ |
| 13. | വയനാട് | എടച്ചേന കുങ്കൻ |
| 14. | കാസർഗോഡ് | സുബ്രഹ്മണ്യൻ തിരുമുമ്പ് |

സെക്ഷൻ ഓഫീസർ